## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4995 04.07.2012 -ൽ മറുപടിയ്ക്ക്**

**തീവ്രവാദ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ ജി. സുധാകരൻ :<br>ശ്രീ പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ കെ. വി. അബ്ദുൾ ഖാദർ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സംസ്ഥാനത്ത് ഇപ്പോൾ തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇടതുപക്ഷ തീവ്രവാദ സംഘടനകളിൽപ്പെട്ടവരും ചില മത തീവ്രവാദ സംഘടനകളിൽപ്പെട്ടവരും കേരളത്തിൽ സജീവമാകാൻ ശ്രമിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. |
| ബി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദ പ്രവർത്തകർ സംസ്ഥാനത്ത് എത്തുന്നുണ്ടോ ; | (ബി) മേൽപ്പറഞ്ഞ തരത്തിലുള്ള സംഘടനകളിൽ പ്രവർത്തിക്കുന്ന ചിലർ സംസ്ഥാനത്ത് വന്നു പോയിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം തീവ്രവാദ സംഘടനകളാണിപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത് ; മറ്റേതെങ്കിലും പേരുകളിലാണോ ഇവ പ്രവർത്തിച്ചുവരുന്നത് ; വിശദമാക്കുമോ ? | (സി) തീവ്രവാദ സംഘടനകൾ നേരിട്ട് കേരളത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിലും അവയുടെ പ്രവർത്തകർ ഉൾപ്പെടുന്നതും, ആശയങ്ങൾ പിൻതുടരുന്നതുമായ ചില പോഷക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇടതുപക്ഷ തീവ്രവാദ സംഘടനകളിൽ പ്രധാനമായും CPI (Maoist) സംഘടനയുടെ പോഷക സംഘടനകളായ റവല്യൂഷണറി പീപ്പിൾസ് ഫ്രണ്ട് (RPF), ആദിവാസി വിമോചന മുന്നണി (AVM), റവല്യൂഷണറി ഡെമൊക്രാറ്റിക് ഫ്രണ്ട് (RDF), CPI ML Naxalbari, Porattom, CPI ML (Red Flag), എന്നീ സംഘടനകളാണ്. ഇടതുപക്ഷ തീവ്രവാദ സംഘടനകളിൽചില സംഘടനകൾ മനുഷ്യാവകാശ സംഘടനകളുടെയും ജനകീയ സമിതികളുടെയും പേരിൽ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരോധനംമൂലം സിമി എന്ന സംഘടന പ്രത്യക്ഷമായി പ്രവർത്തനങ്ങൾ നടത്തുന്നില്ല. എങ്കിലും പഴയകാല സിമി പ്രവർത്തകർ പരോക്ഷമായി ഇസ്ലാമിക് സ്റ്റുഡൻസ് അസോസിയേഷൻ (ISA), Minority Right Watch (MRW), എന്നീ ചില സംഘടനകളിലൂടെ പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ